പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2920 **29-10-2026-ൽ മറുപടിയ്ക്ക്**

ചെങ്ങന്നൂർ മണ്ഡലത്തിലെ പൊതുമരാമത്തുപദ്ധതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സജി ചെറിയാൻ ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭരണാനുമതിയ്ക്ക് സമർപ്പിച്ച പൊതുമരാമത്തു വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികളിൽ എത്ര പദ്ധതികൾക്കാണ് പുതിയ സർക്കാരിന്റെ കാലത്ത് ഭരണാനുമതി നൽകിയത് എന്ന് വ്യക്തമാക്കാമോ;

മറുപടി: ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭരണാനുമതിയ്ക്ക് സമർപ്പിച്ച പൊതുമരാമത്തു വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികളിൽ ഒന്നിനും പുതിയ സർക്കാരിന്റെ കാലത്ത് ഭരണാനുമതി ലഭ്യമായിട്ടില്ല.

(ബി) സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തി 750 ലക്ഷം രൂപ വിനിയോഗിച്ച് കീഴ്ചേരിമേൽ എൽ.പി.എസ്. കോമ്പൗണ്ടിൽ ഇ.എം.എസ്. സ്മാരക എഡ്യൂക്കേഷണൽ സെന്റർ നിർമ്മിക്കുന്നതിന് സമർപ്പിച്ച എസ്റ്റിമേറ്റിന് ഭരണാനുമതി ഒരു വർഷത്തിലധികമായി വൈകുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

മറുപടി: 2024-25 സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തി കീഴ്ച്ചേരിമേൽ എൽ.പി.എസ്. കോമ്പൗണ്ടിൽ ഇ.എം.എസ്. സ്മാരക എഡ്യൂക്കേഷൻ സെന്റർ ഫേസ്-1 എന്ന പ്രവൃത്തിയ്ക്ക് 300 ലക്ഷം രൂപയും 2025-26 സംസ്ഥാന ബജറ്റിൽ ഫേസ്-2 പ്രവൃത്തിയ്ക്ക് 450 ലക്ഷം രൂപയും അനുവദിച്ചിരുന്നു. ഫേസ്-1, ഫേസ്-2 പ്രവൃത്തികൾ സംയോജിപ്പിച്ച്കൊണ്ട് 750 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിച്ചിരുന്നു. 18/09/2025-ലെ G.O.(Rt)No.1368/2025/PWD നമ്പർ ഉത്തരവ് പ്രകാരം 450 ലക്ഷം രൂപയുടെ ഭരണാനുമതി മാത്രമാണ് നൽകിയിരുന്നത്. എന്നാൽ, 04/11/2025-ലെ G.O.(Rt) No.1683/2025/PWD പ്രകാരം ഫേസ്-2 പ്രവൃത്തിയുടെ (450 ലക്ഷം) ഭരണാനുമതി റദ്ദാക്കിയിട്ടുണ്ട്.

(സി) അടിന്തരമായി ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

മറുപടി: പരിശോധിക്കുന്നതാണ്.

(ഡി) മുൻ സർക്കാരിന്റെ കാലത്ത് നിർമ്മാണം ആരംഭിച്ച എത്ര പാലങ്ങൾ പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തു; ആകെ ചെവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ;എത്ര പാലങ്ങൾ ഇനിയും പൂർത്തീകരിക്കാൻ അവശേഷിയ്ക്കുന്നു; വകയിരുത്തിയ തുക എത്ര;

മറുപടി: മുൻ സർക്കാരിന്റെ കാലത്ത് നിർമ്മാണം ആരംഭിച്ച 7 പാലങ്ങൾ പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തിട്ടുണ്ട്. ഈ 7 പാലങ്ങളുടെ നിർമ്മാണത്തിനായി ആകെ 6,024 ലക്ഷം രൂപ വകയിരുത്തിയതിൽ 4,162.77 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. രണ്ട് പാലങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കാനുണ്ട്. പ്രസ്തുത പാലങ്ങളുടെ നിർമ്മാണത്തിനായി 3,215 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ഇ) പ്രസ്തുത മണ്ഡലത്തിൽ നിർമ്മാണം പൂർത്തീകരിക്കാതെ അവശേഷിക്കുന്ന പാലങ്ങൾ ഏതെല്ലാം; എപ്പോൾ നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്നും വ്യക്തമാക്കാമോ;

മറുപടി: ചെങ്ങന്നൂർ മണ്ഡലത്തിൽ നിർമ്മാണം ആരംഭിച്ച് പൂർത്തീകരിക്കുവാനുള്ളത് രണ്ട് പാലങ്ങളാണ്.

1. **കിച്ചേരിക്കടവ് പാലം:** പാലത്തിന്റെ കോൺക്രീറ്റിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇനി പാലത്തിന്റെ ഇരുകരകളിലുമുള്ള അപ്രോച്ച് റോഡിന്റെ പ്രവൃത്തികളും ടാറിംഗ് മുതലായവയും ശേഷിക്കുന്നുണ്ട്. 2027 മാർച്ച് മാസത്തോടെ പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്യാൻ സാധിക്കുമെന്ന് കരുതുന്നു.

2. **ചക്കളത്തുകടവ് പാലം:** പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും BM, BC ഉൾപ്പെടെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. സേഫ്റ്റി ബോർഡ് സ്ഥാപിക്കുന്നത് ഒഴികെയുള്ള ട്രാഫിക് സേഫ്റ്റി പ്രവർത്തനങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്. 2026 നവംബർ 15-നകം പ്രവൃത്തി പൂർത്തീകരിച്ച് ഉദ്ഘാടനം നടത്താൻ കഴിയുന്നതാണ്.

(എഫ്) ആറന്മുള മണ്ഡലത്തെയും ചെങ്ങന്നൂർ മണ്ഡലത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഐക്കാട് പാലത്തിന്റെ ടെണ്ടർ അംഗീകരിക്കുന്നത് സംബന്ധിച്ച നടപടികൾ വിശദീകരിക്കാമോ;

മറുപടി: ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ പമ്പയാറിന്റെ കൈവഴിക്ക് കുറുകെയാണ് ഐക്കാട് പാലം നിർമ്മിക്കുന്നത്. പ്രസ്തുത പാലത്തിന്റെ പുനർനിർമ്മാണത്തിനായി 01-03-2024 തീയതിയിലെ സ.ഉ.(സാധാ)നം. 297/2024/PWD നമ്പർ ഉത്തരവ് പ്രകാരം 4.46 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. 30.10.2025 തീയതിയിലെ പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ PWD/BR/EST_TS/97877/2021_5_1 നമ്പർ ഉത്തരവ് പ്രകാരം 4.44 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്തു. ആദ്യ രണ്ട് ടെണ്ടറുകളിൽ കരാറുകാർ ആരും തന്നെ പങ്കെടുത്തിരുന്നില്ല. തുടർന്ന് മൂന്നാമത്തെ ടെണ്ടറിൽ M/s മുളമൂട്ടിൽ കൺസ്ട്രക്ഷൻ എന്ന കരാറുകാരൻ മാത്രമാണ് പങ്കെടുത്തത്. പ്രസ്തുത കരാറുകാരൻ ക്വോട്ട് ചെയ്ത തുക എസ്റ്റിമേറ്റ് PAC-യേക്കാൾ 33.28% അധികരിച്ച തുകയായിരുന്നതിനാൽ, ടെണ്ടറിന് അംഗീകാരം നൽകിയിട്ടില്ല. പ്രസ്തുത ടെണ്ടർ നടപടികൾ പരിശോധിച്ച് ഇത് സംബന്ധിച്ച തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

(ജി) ചെങ്ങന്നൂർ മണ്ഡലത്തിൽ അടിയന്തരമായി പുനർനിർമ്മിക്കേണ്ട പാലങ്ങളുടെ സ്ഥിതി വിവരക്കണക്ക് ലഭ്യമാണോ; ഇവ പുനർനിർമ്മിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ?

മറുപടി: വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം-1

ചെങ്ങന്നൂർ മണ്ഡലത്തിൽ പുനർനിർമ്മിക്കേണ്ട പാലങ്ങളുടെ സ്ഥിതി വിവര കണക്കും സ്വീകരിച്ചിട്ടുള്ള നടപടികളും ചുവടെ ചേർക്കുന്നു.

1. ആല അത്തലക്കടവ് പാലം

ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ ആല ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നതാണ് ആല അത്തലക്കടവ് പാലം. 2018-ലെ പ്രളയത്തെ തുടർന്ന് അപകടാവസ്ഥയിൽ ആയ ടി പാലം പേരിശേരി-ചെറിയനാട് റോഡുകളെ തമ്മിൽ ബന്ധിപ്പിച്ച് കൊണ്ട് ഉത്തരപ്പള്ളി ആറിന് കുറുകെയാണ് സ്ഥിതി ചെയ്യുന്നത്. പാലത്തിന്റെ വീതി കുറവ് കാരണവും വശങ്ങൾ ഇടിഞ്ഞതു കാരണവും നിരവധി അപകടങ്ങൾ ഉണ്ടാകുന്നുണ്ട്. മേൽ സാഹചര്യത്തിൽ പാലം പുനർനിർമ്മിക്കേണ്ടത് അനിവാര്യമായതിനാൽ പാലത്തിന്റെ പുനർനിർമ്മാണത്തിന് മണ്ണ് പരിശോധന പൂർത്തിയാക്കിയിട്ടുള്ളതുമാണ്. തുടർന്ന് ഉൾനാടൻ ജലഗതാഗത അതോറിറ്റിയുടേ നിരാക്ഷേപ സാക്ഷ്യപത്രം ലഭിക്കുന്നതിനായി കത്ത് നൽകുകയും, അതുപ്രകാരം നിലവിലെ ജലപാതയുടെ വീതിക്ക് കുറവ് സംഭവിക്കാത്ത വിധത്തിലും വെർട്ടിക്കൽ ക്ലിയറൻസ് OFL +3 മീറ്റർ കിട്ടത്തക്ക രീതിയിലും ജലപാതയ്ക്ക് തടസ്സമായി നിർമ്മിതി വരാത്ത വിധവും പാലം പുനർനിർമ്മിക്കുന്നതിന് തടസ്സമില്ല എന്ന് നിരാക്ഷേപ സാക്ഷ്യപത്രം ചീഫ് എഞ്ചിനീയർ, ഇൻലാൻഡ് നാവിഗേഷൻ ആന്റ്റ് കൂട്ടനാട് പാക്കേജ് നല്കിയതനുസരിച്ച് ടെന്റേറ്റീവ് ജനറൽ ഡിസൈൻ ഡ്രോയിങ് തയാറാക്കിയിട്ടുണ്ട്. ടി പാലത്തിന്റെ പുനർനിർമ്മാണത്തിന് ഏകദേശം 7.50 കോടി രൂപ ആവശ്യമാണ്. ബജറ്റിൽ 20% പ്രോവിഷൻ ഉൾപ്പെട്ടു വരുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

2. ഗോവണിപ്പാലം

ചെന്നിത്തല തൃപ്പെരുംതുറ ഗ്രാമ പഞ്ചായത്തിൽ പുനർ നിർമ്മിക്കേണ്ട പാലം ആണ് ഗോവണിപ്പാലം. ചെറിയ പാലം ആയതിനാൽ പുനർ നിർമ്മിക്കുവാൻ ശ്രീ സജി ചെറിയാൻ എം എൽ എ നിർദ്ദേശിച്ച പ്രകാരം മണ്ണ് പരിശോധനയ്ക്ക് 3.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും, മണ്ണ് പരിശോധന പൂർത്തീകരിച്ചിട്ടുള്ളതുമാണ്. എന്നാൽ നിലവിൽ ടി പാലത്തിന്റെ പുനർനിർമ്മാണത്തിന് ഉൾനാടൻ ജലഗതാഗത അതോറിറ്റിയുടെ നിരാക്ഷേപ സാക്ഷ്യപത്രം ലഭിക്കുന്നതിനായി 21/02/2024-ൽ കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ 15-09-2026-ൽ നിരാക്ഷേപ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട്. നിലവിൽ ഡിസൈൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

3. ഉളന്തി പാലം

ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ കുട്ടം പേരൂർ ആറിനു കുറുകെ സ്ഥിതി ചെയ്യുന്നതാണ് ഉളന്തി പാലം. ടി പാലത്തിന്റെ പുനർനിർമ്മാണത്തിനായി മണ്ണ് പരിശോധന പൂർത്തിയാക്കിയിട്ടുള്ളതും, ഡിസൈൻ ഡ്രോയിങ് ലഭിച്ചിട്ടുള്ളതുമാണ്. ടി പ്രവൃത്തിയ്ക്ക് 2022-23 ബജറ്റിൽ Volume II, Page No.42, Sl No -866 പ്രകാരം 20 ലക്ഷം രൂപ വകയിരുത്തിയിരുന്നു. 04/05/2022 തീയതിയിലെ CEPWD/2019/2022-AB4-BR നമ്പർ കത്ത് പ്രകാരം ഗവൺമെന്റിലേക്ക്1845 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നുവെങ്കിലും, ഭരണാനുമതി ലഭിച്ചിരുന്നില്ല. DSOR 2018, GST 18% പ്രകാരം പുതുക്കിയ 1936 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്ക് വേണ്ടി പുനർസമർപ്പിച്ചിരുന്നു. എന്നാൽ ഭരണാനുമതി ഇല്ലാത്ത മരാമത്തുപണികൾ ക്രമ നമ്പർ 866 ആയി 100 ലക്ഷം രൂപ അടങ്കൽ കണക്കാക്കിയിയും, 20% തുക വകയിരുത്തിയതുമായ ഈ പ്രവർത്തി സ.ഉ.(സാധാ) നം. 8090/2023/FIN തീയതി, തിരുവനന്തപുരം, 20-11-2023 ഉത്തരവ് പ്രകാരം റദ്ദ് ചെയ്യുകയും, ടി തുക മറ്റൊരു പ്രവർത്തിക്ക് വകയിരുത്തിയിട്ടുള്ളതുമാണ്. കൂടാതെ ടി പാലത്തിന്റെ പുനർനിർമ്മാണത്തിന് ആവശ്യമായ ഉൾനാടൻ ജലഗതാഗത അതോറിറ്റിയുടേ നിരാക്ഷേപ സാക്ഷ്യപത്രം ലഭിക്കുന്നതിനായി 11/06/2025-ൽ കത്ത് നൽകിയെങ്കിലും നാൾ ഇതുവരെ നിരാക്ഷേപ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. ബജറ്റിൽ 20% പ്രോവിഷൻ ഉൾപ്പെട്ടു വരുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

4.ചില്ലിത്തുരുത്ത് പാലം

ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ ചെന്നിത്തല തൃപ്പെരുംതുറ ഗ്രാമ പഞ്ചായത്തിൽ പുതിയതായി നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന പാലമാണിത്. 2022-23 ബഡ്ജെറ്റിൽ 20% പ്രൊവിഷൻ ഉൾപ്പെട്ടു വരുകയും, ഈ കാര്യാലയത്തിലെ 23-11-2023 തീയതിയിലെ CEPWD/6151/2023-AB2-BR നമ്പർ കത്ത് പ്രകാരം 890 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്ക് സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ GO(Rt) No.3631/2025/FIN തീയതി 16/04/2025 ഉത്തരവ് പ്രകാരം ക്രമ നമ്പർ 2436 ആയി 100 ലക്ഷം രൂപ എസ്റ്റിമേറ്റും 20% വിഹിതവും നല്കി 2022-23 സംസ്ഥാന ബഡ്ജെറ്റിൽ അനുവദിച്ച് പൊതുമരാമത്ത് വകുപ്പിനെ നിർവ്വഹണ വകുപ്പാക്കി ഉൽപ്പെടുത്തിയ ടി പാലം നിർമ്മാണ പ്രവർത്തി റദ്ദ് ചെയ്യുകയും, ടി തുക മറ്റൊരു പ്രവർത്തിക്ക് വകയിരുത്തിയിട്ടുള്ളതുമാണ്. മേൽ പാലത്തിന്റെ മണ്ണ് പരിശോധന 23/01/2023 ൽ പൂർത്തിയാക്കിയിട്ടുള്ളതും ഡിസൈൻ ഡ്രോയിങ് ലഭിച്ചിട്ടുള്ളതുമാണ്. നിലവിൽ ടി നിർമ്മാണത്തിനാവശ്യമായ ഉൾനാടൻ ജലഗതാഗത അതോറിറ്റിയുടേ നിരാക്ഷേപ സാക്ഷ്യപത്രം ലഭിക്കുന്നതിനായി 11/06/2025-ൽ കത്ത് നൽകിയെങ്കിലും നാൾ ഇതുവരെ നിരാക്ഷേപ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. ബജറ്റിൽ 20% പ്രോവിഷൻ ഉൾപ്പെട്ടു വരുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

5.ഈഴക്കടവ് പാലം

ചെന്നിത്തല തൃപ്പെരുംതുറ ഗ്രാമ പഞ്ചായത്തിൽ അച്ചൻ കോവിൽ ആറിന് കുറുകെ ചെങ്ങന്നൂർ – മാവേലിക്കര മണ്ഡലങ്ങളിലായി പുതിയതായി നിർമ്മിക്കുന്നതാണ് ഈഴക്കടവ് പാലം. ടി പാലത്തിന്റെ പുനർനിർമ്മാണത്തിനായി മണ്ണ് പരിശോധന പൂർത്തിയാക്കുകയും, ഡിസൈൻ ഡ്രോയിങ് തയാറാക്കുകയും ചെയ്തു. ഏകദേശം 20 കോടിയോളം രൂപ എസ്റ്റിമേറ്റ് തുക വരുന്ന ഈഴക്കടവ് പാലം നിർമ്മാണം 2022 – 23 ബഡ്ജറ്റിൽ ഉൽപ്പെടുത്തിയിരുന്നു. എന്നാൽ GO(Rt) No.1766/2025/FIN തീയതി 24/02/2025 ഉത്തരവ് പ്രകാരം 2022–23 ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ മരാമത്ത് പ്രവർത്തികൾക്കുള്ള അനുബന്ധം II വാല്യം II ക്രമ നമ്പർ 1894 ആയി 200 ലക്ഷം രൂപ അടങ്കൽ തുക വകയിരുത്തി 20% വിഹിതവും നല്കി പൊതുമരാമത്ത് വകുപ്പിനെ നിർവ്വഹണ വകുപ്പാക്കി ഉൽപ്പെടുത്തിയ ടി പാലം നിർമ്മാണ പ്രവർത്തി റദ്ദ് ചെയ്യുകയും, ടി തുക മറ്റൊരു പ്രവർത്തിക്ക് വകയിരുത്തിയിട്ടുള്ളതുമാണ്. നിലവിൽ ടി പാലത്തിന്റെ പുനർ നിർമ്മാണത്തിന് ഉൾനാടൻ ജലഗതാഗത അതോറിറ്റിയുടേ നിരാക്ഷേപ സാക്ഷ്യപത്രം ലഭിക്കുന്നതിനായി 11/06/2025 ൽ കത്ത് നൽകിയെങ്കിലും നാൾ ഇതുവരെ നിരാക്ഷേപ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. ടി പാലത്തിന്റെ ഡിസൈൻ ഡ്രോയിങ് ലഭിച്ചിട്ടുള്ളതുമാണ്. ബജറ്റിൽ 20% പ്രോവിഷൻ ഉൾപ്പെട്ടു വരുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

6.നാക്കടകടവ് പാലം

ചെങ്ങന്നൂർ മണ്ഡലത്തിൽ പാണ്ടനാട് പഞ്ചായത്തിലെ നാക്കടയെയും കടപ്ര പഞ്ചായത്തിലെ പരുമലയെയും വളഞ്ഞവട്ടത്തെയും ബന്ധിപ്പിക്കുന്ന നാക്കട പാലത്തിന്റെ നിർമ്മാണത്തിനായി പ്രാരംഭഘട്ട മണ്ണ് പരിശോധന പ്രവൃത്തി നടന്നു വരികയാണ്.